LIBRARY ARCHIVES Kerala Legislative Assembly

ക്ഷീര മേഖലയുടെ സ്വയം പര്യാപ്തത

48 (2876) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീര മേഖലയെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കാൻ രൂപീകരിച്ച പദ്ധതി അനുസരിച്ച് 2015-16-ൽ എത്ര ഗുണഭോക്താക്കൾക്കാണ് പ്രയോജനം ലഭിച്ചത്; എത്ര തുകയാണ് ചെലവിട്ടത്?

ഉത്തരം

ക്ഷീര മേഖലയെ സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കാൻ ക്ഷീരവികസന വകുപ്പ് രൂപീകരിച്ച പദ്ധതികൾ അനുസരിച്ച് 2015-2016-ൽ 193100 ഗുണഭോക്താക്കൾക്കാണ് പ്രയോജനം ലഭിച്ചത്. 2016 ജനുവരി വരെ 5545.613 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

മിൽമ പാൽ വില

49 (2877) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മിൽമ പാലിന് എത്ര പ്രാവശ്യം വില വർദ്ധിപ്പിച്ചു;

(ബി) വർദ്ധിപ്പിച്ച വിലയിൽ ക്ഷീര കർഷകർക്ക് എത്ര പൈസയുടെ ആനുകൂല്യം ലഭിക്കും;

(സി) സംസ്ഥാനത്തിന് ആവശ്യമായ പാലിന്റെ അളവ് ദൈനംദിന കണക്ക് പ്രകാരമുള്ളത് ലഭ്യമാക്കാമോ;

(ഡി) നിലവിൽ ഉല്പാദിപ്പിക്കുന്ന പാലിന്റെ അളവ് എത്രയെന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്തെ ജനങ്ങൾക്ക് സുരക്ഷിതവും ഗുണമേന്മയുള്ളതുമായ പാൽ ലഭ്യമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(എഫ്) സംസ്ഥാനത്തെ ക്ഷീര മേഖലയുടെ വികസനത്തിനായി ഈ സർക്കാർ 2014-15 വർഷത്തെ ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചു; എത്ര ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ?